16184
24/7/17

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന്റെ കീഴിലുള്ള വിവിധ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തേക്ക് ചെറുകിട വനവിഭവ ശേഖരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (ഇ) വകുപ്പ്

സർക്കാർ ഉത്തരവ് (സാധാ) നം. 265/2017/വനം തിരുവനന്തപുരം , തീയതി , 20.07.2017

---

പരാമർശം:- 1) സർക്കാർ ഉത്തരവ് (സാധാ.) 309/2016/വനം ,തീയതി 01.08.2016

2) അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ & റ്റി.ഡബ്ല്യു.)ന്റെ 23.06.2017 തീയതിയിലെ ഇ&റ്റി.ഡബ്ല്യു.2-11994/14 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷന്റെ കീഴിലുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് 2016-17 സാമ്പത്തിക വർഷത്തേക്ക് വിവിധ വനം റേഞ്ചുകളിൽ നിന്ന് തടിയേതര വനവിഭവ ശേഖരണത്തിന് സൂചന 1 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2) സൂചന 1 ലെ ഉത്തരവിന്റെ സമയപരിധി 31.03.2017 ൽ അവസാനിച്ച സാഹചര്യത്തിൽ ,തടിയേതര വനവിഭവ ശേഖരണത്തിനായി ,ഫെഡറേഷന്റെ കീഴിലുള്ള പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് 2017-18 സാമ്പത്തിക വർഷത്തേക്ക് ചെറുകിട വനവിഭവ ശേഖരണത്തിനായി അനുമതി നൽകണമെന്ന് അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ & റ്റി.ഡബ്ല്യു) സൂചന 2 പ്രകാരം സർക്കാരിലേക്ക് ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ & റ്റി.ഡബ്ല്യു.) ന്റെ ശുപാർശ പ്രകാരം 24 പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്ക് നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നത് വരെയോ , വനാവകാശ നിയമം 2006 അനുസരിച്ച് റേഞ്ചുകൾക്ക് വനാവകാശങ്ങൾ കൽപ്പിച്ചു നൽകുന്ന തീയതി വരെയോ (ഏതാണോ ആദ്യം വരുന്നത് അതുവരെ) നിലവിലെ വ്യവസ്ഥകൾക്ക് അനുസൃതമായി തടിയേതര വനവിഭവ ശേഖരണത്തിന് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ഇപ്രകാരം അനുമതി ലഭിച്ച 24 പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളുടെ പട്ടിക ചുവടെ ചേർത്തിരിക്കുന്നു.

| ക്രമനമ്പർ | സംഘത്തിന്റെ പേര് |
|---|---|
| 1 | പോട്ടമാവ് പട്ടികവർഗ്ഗ സഹകരണ സംഘം |
| 2 | ആര്യങ്കാവ് പട്ടികവർഗ്ഗ സഹകരണ സംഘം |

| | |
|---|---|
| 3 | വഞ്ചിയോട് പട്ടികവർഗ്ഗ സഹകരണ സംഘം |
| 4 | ചൊള്ളാനവയൽ പട്ടികവർഗ്ഗ സഹകരണ സംഘം |
| 5 | പെരുന്തേനരുവി പട്ടികവർഗ്ഗ സഹകരണ സംഘം |
| 6 | സീതത്തോട് ചിറ്റാർ പട്ടികവർഗ്ഗ സഹകരണ സംഘം |
| 7 | വാഴത്തോപ്പ് പട്ടികവർഗ്ഗ സഹകരണ സംഘം |
| 8 | അടിമാലി പട്ടികവർഗ്ഗ സഹകരണ സംഘം |
| 9 | കുട്ടം പുഴ പട്ടികവർഗ്ഗ സഹകരണ സംഘം |
| 10 | കുറുമ്പ പട്ടികവർഗ്ഗ സഹകരണ സംഘം |
| 11 | കോട്ടത്തറ പട്ടികവർഗ്ഗ സഹകരണ സംഘം |
| 12 | ഷോളയൂർ പട്ടികവർഗ്ഗ സഹകരണ സംഘം |
| 13 | മലമ്പുഴ പട്ടികവർഗ്ഗ സഹകരണ സംഘം |
| 14 | നിലമ്പൂർ പട്ടികവർഗ്ഗ സഹകരണ സംഘം |
| 15 | വിലങ്ങാട് പട്ടികവർഗ്ഗ സഹകരണ സംഘം |
| 16 | തിരുനെല്ലി പട്ടികവർഗ്ഗ സഹകരണ സംഘം |
| 17 | മേപ്പാടി പട്ടികവർഗ്ഗ സഹകരണ സംഘം |
| 18 | സുൽത്താൻ ബത്തേരി പട്ടികവർഗ്ഗ സഹകരണ സംഘം |
| 19 | പുൽപ്പള്ളി പട്ടികവർഗ്ഗ സഹകരണ സംഘം |

| | |
|---|---|
| 20 | നെടുമ്പോയിൽ പട്ടികവർഗ്ഗ സഹകരണ സംഘം |
| 21 | പനത്തടി പട്ടികവർഗ്ഗ സഹകരണ സംഘം |
| 22 | ദേവികുളം പട്ടികവർഗ്ഗ സഹകരണ സംഘം |
| 23 | തവിഞ്ഞാൽ പട്ടികവർഗ്ഗ സഹകരണ സംഘം |
| 24 | തൃശ്ശൂർ തലപ്പിള്ളി പട്ടികവർഗ്ഗ സഹകരണ സംഘം |

5 )സംഘങ്ങൾക്ക് പ്രസ്തുത വിഭവ ശേഖരണത്തിന് വനം റേഞ്ചുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ & റ്റി.ഡബ്ല്യൂ.) കൈക്കൊള്ളേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എച്ച് . നജീബ്**

**ഡെപ്യൂട്ടി സെക്രട്ടറി**

- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
- അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ആഡിറ്റ്) കേരള, തിരുവനന്തപുരം
- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് , തിരുവനന്തപുരം
- അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഇ & റ്റി.ഡബ്ല്യൂ), തിരുവനന്തപുരം
- മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ , തിരുവനന്തപുരം
- വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
- വിവര പൊതുജന സമ്പർക്ക ( പ്രസ് റിലീസ്) വകുപ്പ്
- സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ